**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 146** | **04.06.2018-ൽ മറുപടിക്ക്** |
|---|---|

**ആഭ്യന്തര വകുപ്പിൽ അനുവദിച്ച പുതിയ തസ്തികകൾ**

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആഭ്യന്തര വകുപ്പിൽ എത്ര തസ്തികകളാണ് പുതുതായി അനുവദിച്ചതെന്ന് വിശദമാക്കാമോ; | (എ) | ആഭ്യന്തര വകുപ്പിന് കീഴിലുള്ള ജയിൽ വകുപ്പിൽ 308-ഉം ഫയർ ആന്റ് റെസ്ക്യുവിൽ 85-ഉം പോലീസിൽ 2336-ഉം ചീഫ് കെമിക്കൽ എക്സാമിനറുടെ ഓഫീസിൽ 3-ഉം സ്ഥിരതസ്തികകളും, പോലീസിൽ 240 താൽകാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസിൽ 1873 താൽക്കാലിക തസ്തികകൾക്ക് തുടർ അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പോലീസ് സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയോഗിച്ചതിനെ തുടർന്ന് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.മാരായി ഇൻസ്പെക്ടർമാരെ നിയോഗിച്ചതിനെ തുടർന്ന് താരതമ്യേന പരിചയ കുറവുള്ള സബ് ഇൻസ്പെക്ടറുടെ സ്ഥാനത്ത് പരിണതപ്രജ്ഞരായ ഇൻസ്പെക്ടർമാർക്ക് കൂടുതൽ കാര്യക്ഷമമായി സ്റ്റേഷൻ ഹൗസ് ഓഫീസർ പദവിയിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. 21.10.2017-ലെ സ.ഉ.(എം.എസ്.)നം.211/2017/ ആഭ്യ. പ്രകാരം കേരളത്തിൽ 203 |

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനവും കുറ്റാന്വേഷണവും ഓരോ എസ്.ഐ.മാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥന്റെ സേവനം സ്റ്റേഷനുകളിൽ ലഭ്യമാക്കുന്ന തോടു കൂടി സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ജോലികൾ മികവോടെ നടപ്പിലാക്കാൻ സാധിക്കുന്നു. ആയതിലൂടെ പൊതുജനങ്ങൾക്ക് മികച്ച പോലീസ് സേവനം ലഭ്യമാക്കുന്നതിനും അവരുടെ പരാതികൾക്ക് പെട്ടെന്ന് പരിഹാരം കാണുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ